എ.വൈ.ആർ

# സൂറ – 28 / അൽ ഖസ്വസ്വ്

**സൂക്തം: 57 – 59**

സത്യത്തെയും സനാതന മൂല്യങ്ങളെയും ധിക്കരിച്ചുകൊണ്ടുള്ള ഗർവിഷ്ട ജീവിതം എന്നും തുടരാമെന്ന് വ്യാമോഹിക്കേണ്ട. എല്ലാറ്റിനും അല്ലാഹു ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. ആ പരിധി കടക്കുന്ന അക്രമികളെ ഈ ലോകത്തുനിന്ന് തുടച്ചുനീക്കുക എന്നതാണ് അല്ലാഹുവിന്റെ രീതി. പരിധി വിട്ട എത്രയോ ജനതകളെ അവൻ അങ്ങനെ ഉന്മൂലനാശം ചെയ്തിരിക്കുന്നു.



وَقَالُوا إِن نَّتَّبِعِ الْهُدَىٰ مَعَكَ نُتَخَطَّفْ مِنْ أَرْضِنَا ۚ أَوَلَمْ
نُمَكِّن لَّهُمْ حَرَمًا آمِنًا يُجْبَىٰ إِلَيْهِ ثَمَرَاتُ كُلِّ شَيْءٍ رِّزْقًا
مِّن لَّدُنَّا وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٥٧﴾

57. അവർ വാദിക്കുന്നു: ഞങ്ങൾ നിന്നോടൊപ്പം ഈ മാർഗദർശനം പിന്തുടരുന്നുവെങ്കിൽ നമ്മുടെ നാട്ടിൽനിന്നു നാം റാഞ്ചിയെറിയപ്പെട്ടുപോകും. സുരക്ഷിതമായ ഒരു വിശുദ്ധ ദേശം നാം അവർക്ക് പാർപ്പിടമാക്കിക്കൊടുത്തത് യാഥാർഥ്യമല്ലയോ? സകല ഫല വർഗങ്ങളും നമ്മുടെ പക്കൽനിന്നുള്ള ജീവിത വിഭവങ്ങളായി അവിടെ വന്നണയുന്നു. പക്ഷേ, അവരിലധികമാളുകളും അറിയുന്നില്ല.

**57**

وَقَالُوا = അവർ പറഞ്ഞു(വാദിക്കുന്നു) إِن نَّتَّبِعِ الْهُدَىٰ = ഞങ്ങൾ ഈ മാർഗദർശനം പിന്തുടരുന്നുവെങ്കിൽ

مَعَكَ = നിന്നോടൊപ്പം نُتَخَطَّفْ = ഞങ്ങൾ റാഞ്ചപ്പെടും (റാഞ്ചിയെറിയപ്പെട്ടുപോകും)

مِنْ أَرْضِنَا = നമ്മുടെ ഭൂമിയി(നാട്ടി)ൽനിന്ന്

أَوَلَمْ نُمَكِّن لَّهُمْ = നാം അവരെ പാർപ്പിച്ചിട്ടില്ലേ (പാർപ്പിടമാക്കിക്കൊടുത്തത് യാഥാർഥ്യമല്ലേയോ)

حَرَمًا آمِنًا = ഒരു സുരക്ഷിതമായ വിശുദ്ധ ദേശം يُجْبَىٰ إِلَيْهِ = അതിലേക്ക് വലിച്ചു കൂട്ടപ്പെടുന്നു(വന്നണയുന്നു)

ثَمَرَاتُ كُلِّ شَيْءٍ = എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ (സകല ഫലവർഗങ്ങളും)

رِّزْقًا مِّن لَّدُنَّا = നമ്മുടെ പക്കൽ നിന്നുള്ള ജീവിത വിഭവങ്ങളായിട്ട് (ആഹാരമായിട്ട്)

وَلَٰكِنَّ أَكْثَرَهُمْ = പക്ഷേ, അധികമാളുകളും لَا يَعْلَمُونَ = അവർ അറിയുന്നില്ല

പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒരൊറ്റ ദൈവമാണെന്നും ആരാധിക്കപ്പെടേണ്ടതും അനുസരിക്കപ്പെടേണ്ടതും അവൻ മാത്രമാണെന്നും മനസ്സിലാക്കാൻ ബുദ്ധിയുള്ള മനുഷ്യർക്ക് ഏറെ പ്രയാസപ്പെടേണ്ടതില്ല. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ സമരസവും പരസ്പരപൂരകത്വവും അത് ഉച്ചത്തിൽ വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളാണല്ലോ. പക്ഷേ, വിഗ്രഹാരാധനയിലും ജാഹിലിയ്യത്തിലും അധിഷ്ഠിതമായ സംസ്കാരത്തിന്റെയും സാമൂഹിക സംവിധാനത്തിന്റെയും പശ്ചാത്തലത്തിൽ ഏകദൈവ സിദ്ധാന്തം ജീവിതദർശനമായി അംഗീകരിക്കുമ്പോൾ ഒരുപാട് പ്രശ്നങ്ങൾ ഉയർന്നുവരും. ഏകദൈവ വിശ്വാസത്തിന്റെ അനിവാര്യ താൽപര്യമാണ് ആ ദൈവത്തിന്റെ മാത്രം ധർമശാസനങ്ങളനുസരിച്ച് ജീവിക്കുക എന്നത്. കാരണം ആ ദൈവിക ധർമം മിഥ്യാസങ്കൽപങ്ങളിലധിഷ്ഠിതമായ ദേശീയതയെ നിരാകരിക്കുന്നു. വരേണ്യ വർഗത്തിന്റെ താൽപര്യങ്ങൾ മാത്രം സംരക്ഷിക്കുന്നതിനു വേണ്ടി രൂപംകൊണ്ട നീതിര

ഹിതമായ രാഷ്ട്രീയ വ്യവസ്ഥയെ അട്ടിമറിക്കുന്നു. അമിതമായ ദേഹേഛകളെ നിയന്ത്രിക്കുന്നു. അതിനാൽ ദൈവത്തിന്റെ ഏകത്വം സത്യമെന്നും അവന്റെ ശാസനകൾക്ക് വിധേയമായി വർത്തിക്കുകയാണ് ധർമമെന്നും ബോധ്യപ്പെട്ടാലും ജാഹിലിയ്യത്തിന്റെ ആനുകൂല്യങ്ങളനുഭവിക്കുന്നവർ അതംഗീകരിക്കാൻ കൂട്ടാക്കുകയില്ല. അന്ത്യപ്രവാചകന്റെ പ്രബോധനത്തിലൂടെ തൗഹീദ് -ഏകദൈവത്വം- ഖുറൈശി പ്രമാണിമാർക്ക് പൊതുവിൽ ബോധ്യപ്പെട്ടിരുന്നു. പക്ഷേ, മുഹമ്മദിൽ വിശ്വസിച്ച് അദ്ദേഹത്തെ പിന്തുടരാൻ പോയാൽ തങ്ങളനുഭവിച്ചുവരുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ സൗഭാഗ്യങ്ങൾ നഷ്ടമാവുകയും അറബികൾക്കിടയിൽ ഒറ്റപ്പെടുകയും, അങ്ങനെ ഈ നാട്ടിൽനിന്ന് അടിച്ചോടിക്കപ്പെടാൻ ഇടയാകുമെന്നും തങ്ങൾ ആശങ്കിക്കുന്നുവെന്ന് പ്രവാചകനോട് വാദിക്കുകയാണവർ. ഈ വാദത്തിന്റെ താൽപര്യമിതാണ്:

ഇസ്മാഈൽ നബിയുടെ സന്തതികൾ എന്ന നിലയിൽ ഏറ്റവും മികച്ച അറബ് ഗോത്രമായി ആദരിക്കപ്പെട്ടിരുന്നവരാണ് ഖുറൈശികൾ. ഖുസയ്യ് എന്ന പ്രപിതാവിന്റെ കാലം മുതൽ അറബികളുടെ തീർഥാടന കേന്ദ്രമായ കഅ്ബയുടെ പാർശ്വവർത്തികളും പരിചാരകരുമാണവർ. ആ നിലയിലും അവർ അറബികൾക്കിടയിൽ സ്വാധീനവും മഹത്വപരിവേശവും നേടി. ഖുറൈശികളുടെ വിശുദ്ധ ഗോത്രം, മതാധികാരികൾ എന്നീ മാനങ്ങൾ മൂലം മറ്റു ഗോത്രങ്ങളൊന്നും അവരെ ആക്രമിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. ഇത് അവരുടെ വർത്തക പ്രവർത്തനത്തിനു വളരെ സഹായകമായി. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ ശത്രുതയും അവരുടെ വ്യാപാരത്തെ പുഷ്ടിപ്പെടുത്തി. പേർഷ്യൻ സ്വാധീന മേഖലയായ പേർഷ്യൻ ഉൾക്കടൽ-അറബിക്കടൽ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്ന് റോമൻ സ്വാധീനത്തിലുള്ള ചെങ്കടൽ-അറ്റ്ലാന്റിക് തുറമുഖങ്ങളിലേക്കും മറിച്ചും ചരക്കുകൾ കൈമാറിയിരുന്നത് അറബി വ്യാപാരികളായിരുന്നുവല്ലോ. അക്കാലത്തെ അറബികൾ കഅ്ബയെ വിശുദ്ധ ദൈവിക ഗേഹമായി കരുതുന്നതും തീർഥാടനം ചെയ്യുന്നതും തങ്ങളുടെ പ്രപിതാവായ ഇബ്റാഹീം (അ) ദൈവനിർദേശ പ്രകാരം ഏകദൈവാരാധനക്കു വേണ്ടി നിർമിച്ച ഭവനം എന്ന നിലക്കല്ലെന്നും മറിച്ച് അവർ വിശ്വസിച്ചാരാധിക്കുന്ന അനേകം വിഗ്രഹങ്ങൾ അതിനകത്ത് പ്രതിഷ്ഠിക്കപ്പെട്ടിരുന്നതുകൊണ്ടാണെന്നും ഖുറൈശികൾക്ക് നന്നായറിയാം. ആ വിഗ്രഹങ്ങളുടെ പരിചാരകരും പാർശ്വവർത്തികളുമായതുകൊണ്ടാണ് തങ്ങൾ വിശുദ്ധരും ആദരണീയരുമായത്. ഈ വിഗ്രഹങ്ങളെയെല്ലാം ഉപേക്ഷിച്ച് ഏകദൈവവിശ്വാസം കൈക്കൊണ്ടാൽ തങ്ങൾ മറ്റു അറബികളുടെ ദൃഷ്ടിയിൽ മതവിരുദ്ധരും ശത്രുക്കളുമായിത്തീരും. തങ്ങളുടെ രാഷ്ട്രീയ സ്വാധീനവും സമ്പദ്ഘടനയും തകർക്കപ്പെടും. പ്രബലരായ ഗോത്രങ്ങൾ വന്ന് തങ്ങളെ ഈ നാട്ടിൽനിന്നുതന്നെ അടിച്ചോടിക്കുകയും കഅ്ബയുടെ അധികാരം കൈവശപ്പെടുത്തുകയും ചെയ്യും. نُتَخَطَّفْ مِنْ أَرْضِنَا എന്ന മൂലവാക്യത്തിന്റെ ഭാഷാർഥം 'ഞങ്ങളുടെ ഭൂമിയിൽനിന്ന് ഞങ്ങൾ റാഞ്ചിയെടുക്കപ്പെടും' എന്നാണ്. റാഞ്ചുക, തട്ടിയെടുക്കുക, തട്ടിക്കൊണ്ടുപോവുക തുടങ്ങിയ അർഥങ്ങളിൽ نُتَخَطَّفُ ഉപയോഗിക്കുന്നു. ഒരു ഗോത്രത്തെ ആക്രമിക്കാൻ തീരുമാനിച്ചാൽ നേരത്തേ മുന്നറിയിപ്പു നൽകി പട നയിക്കുകയായിരുന്നില്ല അറബികളുടെ രീതി. ശത്രുക്കൾ തീരെ നിനച്ചിരിക്കാത്ത സന്ദർഭത്തിൽ കടന്നാക്രമിച്ച് കണ്ണിൽ കണ്ടവരെയൊക്കെ കൊല്ലുകയും കൈയിൽ കിട്ടിയതൊക്കെ കൊള്ളയടിക്കുകയുമായിരുന്നു. ആക്രമിക്കപ്പെട്ടവർ ഉണർന്ന് പ്രതിരോധിക്കുമ്പോഴേക്കും വേണ്ടത്ര നാശം അവർക്കുണ്ടായി കഴിഞ്ഞിരിക്കും. الكرّ والفرّ-കടന്നാക്രമിക്കുക, ഓടിയകലുക- എന്നാണിതിനു പറയുക. ശത്രുക്കൾ ദുർബലരാണെങ്കിൽ, പ്രാണനും കൊണ്ട് ഓടിപ്പോകുന്നു. അല്ലെങ്കിൽ ആട്ടിയോടിക്കപ്പെടുന്നു. അതോടെ അവരുടെ വാസസ്ഥലവും അക്രമികൾക്ക് സ്വന്തമാകുന്നു.

ഉപരിപ്ലവ ദൃഷ്ടിക്ക് ഈ വാക്യം പരിഗണനീയമാണെന്നു തോന്നാമെങ്കിലും ഖുറൈശികൾ ഇങ്ങനെ വാദിക്കുന്നതിൽ കഴമ്പില്ലെന്നാണ് അല്ലാഹു നൽകുന്ന മറുപടി. مكن യിൽനിന്നുള്ളതാണ് نمكن. നേരത്തേ *അഅ്റാഫ്, യൂസുഫ്, അൽ കഹ്ഫ്* സൂറകളിൽ ഈ പദത്തിന്റെ വിവിധ രൂപങ്ങൾ വന്നിട്ടുണ്ട്. ഈ സൂറയുടെ 6-ാം സൂക്തത്തിലും *അന്നൂർ* 55-ാം സൂക്തത്തിലും نمكن എന്നു വന്നിരിക്കുന്നു. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്ക് താഴെ നോക്കുക. حرم കൊണ്ടുദ്ദേശ്യം കഅ്ബ നിലകൊള്ളുന്ന പ്രദേശമാണ്. അവിടെ യുദ്ധവും ഹിംസയും നിഷിദ്ധമായതിനാൽ ശാന്തിയും നിർഭയത്വവും കളിയാടുന്ന സ്ഥലമാണ്. ഈ പ്രവാചക ദൗത്യത്തിന് അല്ലാഹു വ്യക്തമായ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. ആ ലക്ഷ്യത്തിലേക്കുള്ള മാർഗങ്ങൾ മനുഷ്യർ കണക്കുകൂട്ടുന്നതൊന്നുമായിരിക്കുകയില്ല. അല്ലാഹു സ്വീകരിക്കുന്ന മാർഗം ദുരൂഹമായിരിക്കും. ഈ ഖുറൈശികൾ അവരുടെ പൂർവ ചരിത്രം തന്നെ ഒന്നോർത്തു നോക്കട്ടെ. ഇബ്റാഹീം നബി പുത്രൻ ഇസ്മാഈലിനെയും അവന്റെ മാതാവിനെയും ഈ നാട്ടിൽ കൊണ്ടുവന്ന് വിടുമ്പോൾ അവർക്ക് കൂട്ടായി ആരുമുണ്ടായിരുന്നില്ല. കുടിനീർ പോലും അദൃശ്യമായിരുന്നു. ഫലവൃക്ഷങ്ങളില്ല. കൃഷിയോഗ്യമല്ലാത്ത വരണ്ടുണങ്ങിയ ഊഷരഭൂമി. ആ ശിശുവും മാതാവും രണ്ടുനാൾ കൊണ്ട് വെള്ളം കിട്ടാതെ മരിച്ചുപോകേണ്ടതായിരുന്നില്ലേ? പക്ഷേ, ആ സന്ദിഗ്ധ ഘട്ടത്തിൽ അവിടം സജലമായി. ജലസാന്നിധ്യമറിഞ്ഞ് ആളുകൾ വന്നുചേർന്നു. അവരിലൂടെ ആവശ്യമായ ആഹാര വിഭവങ്ങൾ ലഭിച്ചു. ജലത്തിന്റെ ഉടമസ്ഥത കൈവശപ്പെടുത്താൻ ആളുകൾക്ക് അബലരായ ആ ഉമ്മയെയും മകനെയും അവിടെ നിന്ന് ഓടിക്കുകയോ കൊന്നുകളയുകയോ ചെയ്യാമായിരുന്നു. അതൊന്നും ഉണ്ടായില്ല. സഞ്ചാരികളിലൂടെ സകലവിധ ജീവിത വിഭവങ്ങളും അവിടെ എത്തിക്കൊണ്ടിരുന്നു. ഇന്നും എത്തിക്കൊണ്ടിരിക്കുന്നു. ഹജ്ജിലൂടെയും യുദ്ധനിഷിദ്ധ മാസങ്ങളിലൂടെയും ലഭ്യമാകുന്ന ഈ അനുഗ്രഹങ്ങൾ അവരുടെ അധ്വാനത്തിന്റെയും ആസൂത്രണത്തിന്റെയും ഫലമാണോ? ഒരിക്കലുമല്ല. അതൊക്കെയും അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹവും ഇബ്റാഹീം നബിയുടെ പ്രാർഥനയുടെ പുണ്യവുമാകുന്നു. എത്ര വിചിത്രം! ഇബ്റാഹീം (അ) ഏതൊരാദർശത്തിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയാണോ ഈ ഗേഹം പണിതതും അവരെ ഇവിടെ വസിപ്പിച്ചതും, അതേ ആദർശം സ്വീകരിച്ചാൽ തങ്ങൾ ഈ നാട്ടിൽനിന്ന് പറിച്ചെറിയപ്പെടുമെന്നാണ് അവരിപ്പോൾ വാദിക്കുന്നത്! പ്രവാചകനെ നിഷേധിക്കുന്ന ഖുറൈശികളിലധിക പേരും സ്വന്തം ചരിത്രം പോലും അറിയുന്നില്ല എന്നാണ് وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ എന്ന

വാക്യത്തിന്റെ താൽപര്യം.

സൂറ *അൽ അൻകബൂത്ത്* 67-ാം സൂക്തം ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു:

أَوَلَمْ يَرَوْا أَنَّا جَعَلْنَا حَرَمًا آمِنًا وَيُتَخَطَّفُ النَّاسُ مِنْ حَوْلِهِمْ ۚ أَفَبِالْبَاطِلِ يُؤْمِنُونَ وَبِنِعْمَةِ اللَّهِ يَكْفُرُونَ

(സമാധാനപൂർണമായ ഒരു ഹറം നാം ഉണ്ടാക്കിവെച്ചത് അവർ കാണുന്നില്ലെയോ, അവരുടെ പരിസരങ്ങളിൽ ജനങ്ങൾ റാഞ്ചിയെടുക്കപ്പെട്ടുകൊണ്ടിരിക്കെ? എന്നിട്ട് ഈ ജനം മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹം നിഷേധിക്കുകയുമാണെന്നോ?). ■

---

وَكَمْ أَهْلَكْنَا مِن قَرْيَةٍ بَطِرَتْ مَعِيشَتَهَا ۖ فَتِلْكَ مَسَاكِنُهُمْ لَمْ تُسْكَن مِّن بَعْدِهِمْ إِلَّا قَلِيلًا ۖ وَكُنَّا نَحْنُ الْوَارِثِينَ ﴿٥٨﴾

58. കൊടിയ ധാർഷ്ട്യത്തോടെ വാണിരുന്ന എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചിട്ടുള്ളതെന്നോ!! അവരുടെ പാർപ്പിടങ്ങളതാ ശൂന്യമായി കിടക്കുന്നു. അവർക്കു ശേഷം അപൂർവമായിട്ടല്ലാതെ അതിൽ ജനസാന്നിധ്യമുണ്ടായിട്ടില്ല. ഒടുവിൽ നാം മാത്രമായിത്തീർന്നു അവയുടെ അനന്തരാവകാശികൾ.

**58**

وَكَمْ أَهْلَكْنَا مِن قَرْيَةٍ = നാടുകളാൽ എത്രയാണ് (എത്രയെത്ര നാടുകളെയാണ്) നാം നശിപ്പിച്ചിട്ടുള്ളതെന്നോ

بَطِرَتْ مَعِيشَتَهَا = അവരുടെ ജീവിതത്തോട് ധാർഷ്ട്യം കാട്ടിയ(കൊടിയ ധാർഷ്ട്യത്തോടെ വാണിരുന്ന)

فَتِلْكَ مَسَاكِنُهُمْ = അവരുടെ പാർപ്പിടങ്ങളതാ (ശൂന്യമായി കിടക്കുന്നു)

لَمْ تُسْكَن = അത് പാർക്കപ്പെട്ടിട്ടില്ല (ജനസാന്നിധ്യം ഉണ്ടായിട്ടില്ല) مِّن بَعْدِهِمْ = അവർക്ക് ശേഷം

إِلَّا قَلِيلًا = കുറച്ചല്ലാതെ (അപൂർവമായിട്ടല്ലാതെ) وَكُنَّا نَحْنُ = നാം മാത്രം ആയിത്തീർന്നു

الْوَارِثِينَ = അനന്തരാവകാശികൾ

ഗർവും ധാർഷ്ട്യവുമാണ് بطر. ഇത് സകർമകമായി ഉപയോഗിക്കുക സാധാരണമല്ല. ഒരു കാര്യത്തെ അഹന്തയോടെ, ധാർഷ്ട്യത്തോടെ സമീപിക്കുന്നതിനെ കുറിക്കാനാണ് സകർമക ക്രിയയായി ഉപയോഗിക്കുക. ഒരുവൻ തനിക്ക് ലഭിച്ച അനുഗ്രഹം ഗർവോടെ അവഗണിക്കുക എന്നതിന് بطر النعمة എന്നു പറയും. സത്യത്തെയും ധർമത്തെയും ധാർഷ്ട്യപൂർവം നിഷേധിക്കുന്നത് بطر الحق ആണ്. അതിരറ്റ ഗർവും ധാർഷ്ട്യവും നിറഞ്ഞ ജീവിതശൈലി സ്വീകരിച്ചു എന്നാണ് بطرت معيشتها എന്ന വാക്കിന്റെ താൽപര്യം. പ്രവാചകനെയും ഖുർആനിനെയും അംഗീകരിക്കുന്നതിന് തടസ്സമായി ഉന്നയിച്ച വാദങ്ങൾക്ക് മുൻ സൂക്തത്തിൽ നൽകിയ മറുപടിയോടനുബന്ധിച്ച് ഖുറൈശികൾക്ക് നൽകുന്ന താക്കീതാണിത്.

സത്യത്തെയും സനാതന മൂല്യങ്ങളെയും ധിക്കരിച്ചുകൊണ്ടുള്ള ഗർവിഷ്ഠ ജീവിതം എന്നും തുടരാമെന്ന് വ്യാമോഹിക്കേണ്ട. എല്ലാറ്റിനും അല്ലാഹു ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. ആ പരിധി കടക്കുന്ന അക്രമികളെ ഈ ലോകത്തുനിന്ന് തുടച്ചുനീക്കുക എന്നതാണ് അല്ലാഹുവിന്റെ രീതി. പരിധിവിട്ട എത്രയോ ജനതകളെ അവൻ അങ്ങനെ ഉന്മൂലനാശം ചെയ്തിരിക്കുന്നു. സ്വന്തം ഭൗതികശക്തികളിൽ ഗർവിഷ്ഠരായി സകല ധാർമിക മൂല്യങ്ങളെയും ധിക്കരിച്ച് മഹാപ്രതാപികളായി വാണിരുന്ന ആദു ഗോത്രത്തിന്റെയും സമൂദ് ഗോത്രത്തിന്റെയും സദോമുകാരുടെയുമൊക്കെ വാസസ്ഥലങ്ങളതാ നശീകൃതവും ശൂന്യവുമായി കിടക്കുന്നത് നിങ്ങൾ കാണുന്നുണ്ടല്ലോ. അവരുടെ നാശത്തിനു ശേഷം അവയുടെയെല്ലാം അവകാശി നാം മാത്രമായിത്തീർന്നു. സമ്പൽസമൃദ്ധവും ഫലഭൂയിഷ്ടവുമായ നാഗരിക ഭൂമിയെ നിർജനവും ഊഷരവുമാക്കാൻ അവന് ഒട്ടും പ്രയാസമുണ്ടായിട്ടില്ല. എന്നിരിക്കെ കൃഷിയും ഇതര വിഭവങ്ങളുമില്ലാത്ത ഈ ഊഷരഭൂമിയിൽനിന്ന് നിങ്ങളെ തുടച്ചുനീക്കാൻ അവന് എന്തു പ്രയാസം?! ജനതകളുടെ നിലനിൽപും വികാസവും ഭദ്രമാകുന്നത് ഭൗതിക ശക്തികളിലഹങ്കരിച്ച് അക്രമങ്ങളിലും അധർമങ്ങളിലും വിഹരിക്കുന്നതിലൂടെയല്ല; സത്യവും നീതിയും ധർമവും പാലിച്ച് വിവേകത്തോടെ ജീവിതം നയിക്കുമ്പോഴാണ്. സർവോപരി അല്ലാഹുവിന്റെ കാവലാണ് ഏതു സമൂഹത്തെയും നിലനിർത്തുന്നത്. ഖുറൈശികളുടെ ചരിത്രം തന്നെ അക്കാര്യം സുവ്യക്തമായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. കഅ്ബയുടെ സംസ്ഥാപനത്തിലൂടെ, സമാധാനവും സുരക്ഷയും സുഭിക്ഷതയുമുള്ള നാടാക്കി

സഹസ്രാബ്ദങ്ങളായി മക്കയെ നിലനിർത്തിപ്പോരുന്നത് അല്ലാഹുവല്ലാതെ മറ്റാരാണ്.

فَلْيَعْبُدُوا رَبَّ هَٰذَا الْبَيْتِ ﴿٣﴾ الَّذِي أَطْعَمَهُم مِّن جُوعٍ وَآمَنَهُم مِّنْ خَوْفٍ ﴿٤﴾

(ആകയാൽ അവർ ഈ വിശുദ്ധ ഗേഹത്തിന്റെ നാഥന് വഴിപ്പെട്ട് വാണുകൊള്ളട്ടെ; അവർക്കന്നം കൊടുത്തു വിശപ്പടക്കുകയും ശാന്തി ചൊരിഞ്ഞു ഭയമകറ്റുകയും ചെയ്തവന്- 106: 3,4).

അവർക്കു ശേഷം അവിടങ്ങളിൽ വിരളമായേ ജനസാന്നിധ്യമുണ്ടായിട്ടുള്ളൂ. لَمْ تُسْكَن مِّن بَعْدِهِمْ إِلَّا قَلِيلًا എന്ന വാക്യത്തിന്റെ താൽപര്യം, പിന്നീട് ആ പാർപ്പിടങ്ങളെ ദേശാടകർ, സാർഥവാഹക സംഘങ്ങൾ, അതു വഴി കടന്നുപോകുന്ന സൈനിക വ്യൂഹങ്ങൾ തുടങ്ങിയവർ താൽക്കാലിക താവളങ്ങളാക്കിയതല്ലാതെ, ഒരു ഗോത്രവും സ്ഥിരവാസസ്ഥലമാക്കിയില്ല എന്നാണ്. തബൂക്കിലേക്ക് പോവുകയായിരുന്ന മുസ്‌ലിം സൈന്യം സമൂദ് ഗോത്രത്തിന്റെ വാസസ്ഥലമായ ഹിജ്റിലൂടെ കടന്നുപോവുകയുണ്ടായി. നശിപ്പിക്കപ്പെട്ടവരുടെ പാർപ്പിടങ്ങളിൽ വിലപിച്ചുകൊണ്ടു വേണം കടക്കാൻ എന്ന് അപ്പോൾ നബി (സ) സൈനികരെ ഉപദേശിച്ചതായി നിവേദനമുണ്ട്. ■

---

وَمَا كَانَ رَبُّكَ مُهْلِكَ الْقُرَىٰ حَتَّىٰ يَبْعَثَ فِي أُمِّهَا رَسُولًا يَتْلُو عَلَيْهِمْ آيَاتِنَا ۚ وَمَا كُنَّا مُهْلِكِي الْقُرَىٰ إِلَّا وَأَهْلُهَا ظَالِمُونَ ﴿٥٩﴾

59. നിന്റെ നാഥൻ നാടുകളുടെ വിനാശകനായിട്ടില്ല; നാടുകളുടെ കേന്ദ്രത്തിൽ നമ്മുടെ ധർമസൂക്തങ്ങൾ ഓതിക്കേൾപ്പിക്കുന്ന ദൈവദൂതനെ നിയോഗിച്ചിട്ടല്ലാതെ. നാട്ടുകാർ അധർമത്തിലാറാടുന്നവരാകുമ്പോഴല്ലാതെ നാം നാടുകളുടെ നാശകനാകാറില്ല.

**59**

وَمَا كَانَ رَبُّكَ= നിന്റെ നാഥൻ ആയിട്ടില്ല مُهْلِكَ الْقُرَىٰ= നാടുകളുടെ വിനാശകൻ

حَتَّىٰ يَبْعَثَ= അവൻ നിയോഗിക്കുന്നതുവരെ فِي أُمِّهَا= അതിന്റെ (ആ നാടുകളുടെ) കേന്ദ്രത്തിൽ

رَسُولًا = ഒരു ദൈവദൂതനെ يَتْلُو عَلَيْهِمْ آيَاتِنَا= അവർക്ക് നമ്മുടെ (ധർമ സൂക്തങ്ങൾ ) ഓതിക്കൊടുക്കുന്നു

وَمَا كُنَّا مُهْلِكِي الْقُرَىٰ= നാം നാടുകളുടെ നാശകനാകാറില്ല

إِلَّا وَأَهْلُهَا ظَالِمُونَ= അതിന്റെ ആളുകൾ അധർമികളായാലൊഴിച്ച് (ആ നാട്ടുകാർ അധർമത്തിലാറാടുന്നവരാകുമ്പോഴല്ലാതെ)

മുൻ സൂക്തത്തിൽ നൽകിയ താക്കീതിനെ വിശദീകരിച്ചു ബലപ്പെടുത്തുകയാണീ സൂക്തം. അസത്യത്തിലും അധർമത്തിലും ആറാടുന്ന ജനതകളെ നിർണായകമായ ശിക്ഷക്കു വിധേയരാക്കുന്ന കാര്യത്തിൽ അല്ലാഹുവിന് ഒരു നടപടിക്രമമുണ്ട്. ദൈവിക സൂക്തങ്ങൾ ഓതിക്കേൾപ്പിച്ച് ജനങ്ങളെ സത്യത്തിലേക്കും ധർമത്തിലേക്കും ഉണർത്തുന്ന ദൈവദൂതന്മാരെ നിയോഗിച്ച് വീണ്ടെടുക്കപ്പെടാൻ മതിയായ അവസരം നൽകുന്നതുവരെ അവരെ ശിക്ഷിക്കാതിരിക്കുക എന്നതാണത്. അക്രമി സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തായിരിക്കും ദൈവദൂതൻ ആഗതനാവുക. അങ്ങനെ സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും അദ്ദേഹത്തിന്റെ സന്ദേശം പരക്കുന്നു. പ്രവാചക സന്ദേശം ഉൾക്കൊണ്ട് സ്വയം സംസ്കരിക്കാൻ തയാറാകുന്നവർ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നു. ഈ നടപടിക്രമമനുസരിച്ചാണ് മുഹമ്മദ് നബിയെ അറബികളുടെ കേന്ദ്രസ്ഥാനമായ മക്കയിൽ നിയോഗിച്ചിരിക്കുന്നത് എന്ന സൂചനയുണ്ട് ഇക്കാര്യം ഇവിടെ അനുസ്മരിക്കുന്നതിൽ.

പ്രവാചകൻ നിയോഗിക്കപ്പെട്ട നാട്ടുകാർ നേരത്തേ മഹാധിക്കാരികളും അക്രമികളും ആയിരുന്നു എന്നതുകൊണ്ട് ശിക്ഷിക്കപ്പെടുകയില്ല. പ്രവാചകന്റെ ധർമോപദേശങ്ങളും ഉൽബോധനങ്ങളും മനസ്സിലാക്കിയ ശേഷവും തങ്ങളുടെ ഗോത്ര പാരമ്പര്യങ്ങളിലും സാമ്പത്തിക നേട്ടങ്ങളിലും സ്ഥാനമാനങ്ങളിലും ഗർവിഷ്ഠരായി സത്യനിഷേധത്തിലും ധർമധിക്കാരത്തിലും ഉറച്ചുനിൽക്കുന്നവരെ മാത്രമേ അവൻ ശിക്ഷിക്കൂ. ഖുറൈശികളെയും അവരുടെ സഹകാരികളെയും, അവരിലൂടെ മുഴുലോകത്തെയും പാപഗർത്തത്തിൽനിന്ന് വീണ്ടെടുക്കാനാണ് മുഹമ്മദ് നബി നിയുക്തനായിരിക്കുന്നത്. ഈ ജനം ആ പ്രവാചകനെയും അദ്ദേഹം അവതരിപ്പിക്കുന്ന വിശുദ്ധ ഖുർആനെയും തിരിച്ചറിയാൻ കൂട്ടാക്കാതെ സത്യനിഷേധവും ധർമവിരോധവും തുടരുകയാണെങ്കിൽ അല്ലാഹു ഒരവധിവരെ അവസരം നൽകും. ആ അവധി പിന്നിടുന്നതോടെ അവരിൽ ദൈവിക ശിക്ഷ അനിവാര്യമായിത്തീരുന്നു. അപ്പോളവർ നേരിടുന്ന കൊടിയ പീഡനങ്ങൾ അല്ലാഹു അവരോട് ചെയ്യുന്ന അക്രമമോ ക്രൂരതയോ അല്ല. അവർ തന്നെ അവരോടു ചെയ്യുന്ന അക്രമവും ക്രൂരതയുമാണ്. ഇതാണ് وَمَا كُنَّا مُهْلِكِي الْقُرَىٰ إِلَّا وَأَهْلُهَا ظَالِمُونَ എന്ന വാക്യത്തിന്റെ താൽപര്യം. ■